# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

നം. ഫിനാൻസ് IV/ബഡ്ജറ്റ്/2019-20 തീയതി: 06/09/2018

## പരിപത്രം

വിഷയം:- ധനകാര്യം - ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2019-20, റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2018-19 - തയ്യാറാക്കൽ - സംബന്ധിച്ച്.

2019-20 സാമ്പത്തിക വർഷത്തെ സർവ്വകലാശാല ബഡ്ജറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി എല്ലാ സ്റ്റാറ്റ്യൂട്ടറി വകുപ്പ്/സെന്റർ മേധാവികളും സ്ഥാപനവുമായി ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളുടെ പ്രതീക്ഷിത വരവുചെലവുകൾ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കണമെന്ന് അറിയിക്കുന്നു. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ പരമാവധി കൃത്യത പുലർത്തേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന വരവു ചെലവു കണക്കുകൾ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവൂ. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടുന്ന തരത്തിൽ കണക്കുകൾ തയ്യാറാക്കേണ്ടതാണ്. ശമ്പളം/എസ്റ്റാബ്ലിഷ്മെന്റ്/കണ്ടിജൻസി ഇനങ്ങളിലുള്ള റെക്കറിംഗ് & നോൺ-റെക്കറിംഗ് ചിലവുകളുടെ വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

1) 2018-19 ലെ റിവൈസ്ഡ് എസ്റ്റിമേറ്റ്.
2) 2017-18 ലെ അക്കൗണ്ട്സ്.
3) 2018-19 ൽ നടത്തിയിട്ടുള്ള റീ-അപ്രോപ്രിയേഷൻ/അധികതുക വകയിരുത്തൽ/ പുതിയ ശീർഷകം ഉൾക്കൊള്ളിക്കൽ മുതലായവ.
4) എല്ലാ ശീർഷകങ്ങളിലേയും ഏപ്രിൽ 2018 മുതൽ ആഗസ്റ്റ് 2018 വരെയുള്ള ചെലവ് വിവരങ്ങൾ.
5) നടപ്പ് സാമ്പത്തിക വർഷം കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്ന ശീർഷകങ്ങളുടെ വിശദാംശങ്ങൾ. 2018-19 ലെ ബഡ്ജറ്റിൽ നിന്നും ടി ശീർഷകങ്ങളിലെ ചെലവുകളിൽ വന്ന വ്യതിചലനത്തിന്റെ വ്യക്തമായ വിശദീകരണവും ഇതോടൊപ്പം നൽകേണ്ടതാണ്. അല്ലാത്തപക്ഷം തുക വകമാറ്റലിനോ അധികതുക വകയിരുത്തലിനോ ഉള്ള നിർദ്ദേശങ്ങൾ പരിഗണിയ്ക്കുന്നതല്ല.
6) ജീവനക്കാരുടെ വിശദാംശങ്ങൾ.
   a) അദ്ധ്യാപകർ (റെഗുലർ/കോൺട്രാക്റ്റ്/ഗസ്റ്റ്)
   b) അനദ്ധ്യാപകർ (റെഗുലർ/പ്രൊവിഷണൽ/ദിവസ വേതനം)

വകുപ്പ്/സെന്റർ മേധാവി മേൽ പ്രകാരം തയ്യാറാക്കിയ ബഡ്ജറ്റ് വിശദാംശങ്ങളുമായി ഫിനാൻസ് ഓഫീസർ മുമ്പാകെ താഴെപ്പറയുന്ന തീയതിയിൽ ചർച്ചകൾക്കായി ഹാജരാകേണ്ടതാണ്.

വകുപ്പ്/സെന്റർ : ..........................................................................................

തീയതി :

*എല്ലാ സ്റ്റാറ്റ്യൂട്ടറി വകുപ്പുകളും സെന്ററുകളും 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ (അക്കൗണ്ട്സ്) രജിസ്റ്ററുകൾ പ്രകാരം ഒത്തുനോക്കി വീഴ്ചകൂടാതെ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 2019-20 സാമ്പത്തിക വർഷം ടി ശീർഷകങ്ങളിൽ തുക വകയിരുത്തുന്നതായിരിക്കില്ലെന്നറിയിക്കുന്നു.*

(ഒപ്പ്)
ഫിനാൻസ് ഓഫീസർ